(ബി) മലയാള ഭാഷയ്ക്ക് ആദ്യമായി ഒരു നിഘണ്ടുവും, വ്യാകരണ ഗ്രന്ഥവും രചിച്ച് ആധുനിക മലയാള ഭാഷയ്ക്ക് അടിസ്ഥാനമിട്ട പ്രശസ്ത പണ്ഡിതനും, ജർമ്മൻകാരനുമായ ഹെർമൻ ഗുണ്ടർട്ട് കേരളത്തിൽ കാലുകുത്തിയതിന്റെ 150-ാം വാർഷികമാണ് ഈ വർഷം (1986-87) ആ മഹാന്റെ സ്മരണയോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജന്മ നാട്ടിൽത്തന്നെ ഇത്തവണ ലോക മലയാള സമ്മേളനം ആഘോഷിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ളതാണ് പ്രധാന ഉദ്ദേശം. കൂടാതെ ഭാരതത്തിൽ മലയാളം എന്നൊരു ഭാഷയുണ്ടെന്നും ആ ഭാഷയേയും ആ ഭാഷ സംസാരിക്കുന്ന കേരള സംസ്ഥാനത്തിന്റെ പ്രത്യേകമായ കലയും സംസ്കാരവും വിദേശത്ത് പ്രചരിപ്പിക്കുക എന്ന ലക്ഷ്യവുമുണ്ട്.

(സി) തീരുമാനമായിട്ടില്ല.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

(ഇ) ഈ ആവശ്യം കേരളത്തിലെ സർവ്വകലാശാലകൾക്ക് ആവശ്യമായ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

എം. സി. റോഡും കൊച്ചി-മധുര റോഡും നാഷണൽ ഹൈവേ ആക്കുന്നതിനുള്ള നടപടി

877. [257] ശ്രീ. വി. വി. ജോസഫ്:
ഇ.ജെ. ലൂക്കോസ്:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ്, കൊച്ചി-മധുര റോഡ് എന്നിവ നാഷണൽ ഹൈവേ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ആവശ്യകത കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തിട്ടുള്ളതായി അറിയാമോ?

ഉത്തരം

(എ) എം. സി. റോഡ്, കൊച്ചി-മധുര റോഡ് എന്നിവ നാഷണൽ ഹൈവേ ആക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഇതിന്റെ ആവശ്യകതയെപ്പറ്റി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സിനു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം

878 [258] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സിനുള്ള പ്രവേശനത്തിനു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെന്നപോലെ ഇവിടെയും സംവരണാനുകൂല്യം നൽകാൻ ഈ അദ്ധ്യയന വർഷം തന്നെ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വയസ്സിൽ ഇളവ് അനുവദിച്ചിരിക്കുന്നതുപോലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും വയസ്സിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) G. O. (P) 2022/66/Edn. dt. 30-7-1966 അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ഇല്ലാതെ വരുന്നപക്ഷം അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ "അദർ എലിജിബിൾ" കമ്മ്യൂണിറ്റിയിൽപ്പെട്ടവർക്ക് നൽകാൻ ഈ സ്ഥാപനങ്ങളിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിനുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ അദ്ധ്യയന വർഷവും പ്രസ്തുത ആനുകൂല്യം ഇല്ലാതെയാണ് പ്രവേശനം നടത്തിയത്.

(സി) പ്രീഡിഗ്രി പ്രവേശനത്തിന് മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് നിസർവേഷനോ വയസ്സിളവോ ഇല്ലാത്ത സാഹചര്യത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിനും ഇതനുവദിക്കാൻ നിർവാഹമില്ല.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ അപേക്ഷകർ ഇല്ലാതെ വരുന്ന പക്ഷം അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റുകൾ ഇതരവിഭാഗക്കാർക്ക് നൽകിവരുന്നുണ്ട്.

മുനിസിപ്പൽ തൂപ്പുകാർക്കും, പോർട്ടർമാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

879 [260] ശ്രീ. എം.വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ തൂപ്പുകാർക്കും, പോർട്ടർമാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഈ പദ്ധതിപ്രകാരം ഓരോ തൊഴിലാളിക്കും ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക?

ഉത്തരം

(എ) തൽക്കാലം പദ്ധതി ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly